# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

ടെലിഫോൺ - 0471 2514527, 2514608
ഇ മെയിൽ - pokseb@gmail.com.

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം,പട്ടം
തിരുവനന്തപുരം

തീയതി: 14/12/2021

## പരിപത്രം

**എല്ലാ എ.ആർ.യു മേധാവികളുടേയും അടിയന്തിര ശ്രദ്ധയ്ക്ക്**

കെ.എസ്.ഇ.ബി ലിമിറ്റഡിലെ തൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ GPAIS പദ്ധതിക്ക് പകരമായുള്ള Accident Relief Assistance Scheme 01.01.2021 മുതൽ 31.12.2021 കാലയളവ് വരെ ബാധകമാക്കി പരമാവധി 10 ലക്ഷം രൂപ വരെയുള്ള അപകട മരണാനന്തര ആശ്വാസ ധനസഹായം, ആനുപാതികമായ അവശത / അംഗവൈകല്യ ധനസഹായം തുടങ്ങിയവ വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ അനുവദിച്ചു വരുന്നു. കെ.എസ്.ഇ.ബി ലിമിറ്റഡ് ഓഫീസുകളിലെ ജീവനക്കാർ 2021 ൽ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ/അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ 20.12.2021 ന് മുൻപ് തൊഴിലാളി ക്ഷേമനിധിയുടെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. പ്രസ്തുത അപകടങ്ങളിൽ മരണപ്പെടുകയോ/ അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുള്ള ജീവനക്കാർ വെൽഫയർ ഫണ്ട് ആക്സിഡന്റ് റിലീഫ് അസിസ്റ്റന്റ് സ്കീം 2021-ൽ നിന്നുള്ള ആശ്വാസ ധന സഹായത്തിന്റെ അർഹത പരിശോധിക്കുന്നതിലേക്കായി പ്രത്യേകം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദിഷ്ട അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം അടിയന്തിരമായി പേഴ്സണൽ ഡിപ്പാർട്ട്മെന്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ രീതിയിൽ ജീവനക്കാർക്ക് അപകട മരണങ്ങൾ / അംഗവൈകല്യം സംഭവിക്കുന്ന സാഹചര്യത്തിൽ 48 മണിക്കൂറിനുള്ളിൽ തന്നെ ടി വിവരം പേഴ്സണൽ ഡിപ്പാർട്ടുമെന്റിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച സംശയങ്ങൾക്ക് 0471-2514527 ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സെക്രട്ടറി
കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്